I/74711/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.I/74711/2024 തീയതി: 20-03-2024

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്-അക്കാദമിക്ക് (എ) സെക്ഷൻ -പോളിടെക്നിക്ക് കോളേജുകളിൽ അലുമിനിയുടെ -രൂപീകരണവും പ്രവർത്തനവും-സംബന്ധിച്ച്:-

സൂചന :- ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) സമർപ്പിച്ചിട്ടുള്ള നോട്ട്

2024 ഫെബ്രുവരി 22 മുതൽ 24 വരെ കളമശ്ശേരി പോളിടെക്നിക്ക് കോളേജിൽ വച്ച് നടന്ന Y-SUMMIT ൽ വിവിധ ഇൻഡസ്ട്രികളുടെ പ്രതിനിധികളും പോളിടെക്നിക്ക് കോളേജുകളിലെ അലുമിനികളും പങ്കെടുക്കുകയും നൂതന മായ നിരവധി ആശയങ്ങൾ അധികാരികളുമായി ഇവർ പങ്കുവെയ്ക്കുകയും ചെയ്യുകയുണ്ടായി. ഇതിൽ നിന്നും പോളിടെക്നിക്ക് കോളേജുകളുടെ സമൂലവും സമഗ്രവുമായ വികസനത്തിന് അലുമിനികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടത് ആവശ്യാമാണെന്ന് കാണുന്നു. ആയതിനാൽ എല്ലാ പോളിടെക്നിക്കുകളിലും അലുമിനി അസ്സോസിയേഷനുകൾ രൂപീകരിക്കുന്നതിന് സ്ഥാപന മേധാവികൾ മുൻകൈ എടുക്കണമെന്നും ഇതിനായി സ്ഥാപനത്തിലെ തന്നെ ഒരാധ്യാപകനെ ചുമതലപ്പെടുത്തണമെന്നും പ്രസ്തുത വിവരങ്ങൾ google format ൽ 2024 മാർച്ച് 22 ന മുമ്പായി upload ചെയ്യണമെന്നും അറിയിയ്ക്കുന്നു. google format email മുഖേനെ അറിയിക്കുന്നതാണ്.

സംസ്ഥാനതലത്തിൽ അലുമിനികളുമായി ചർച്ച സംഘടിപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിനും ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊള്ളുന്നു.

1.സുൽഫിക്കർ.എ, ഡെപ്യൂട്ടി ഡയറക്ടർ(ജനറൽ), സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം
2.പ്രസൂൺ.പി, ട്രേഡ് ഇൻസ്ട്രക്ടർ, സര്ക്കാർ പോളിടെക്നിക്ക് കോളേജ്, പാലാ, കോട്ടയം
3.വെങ്കിടേഷ് പി എസ്, Draftsman Grade -I, ടെക്നിക്കൽ ഹൈ സ്കൂൾ അടിമാലി (അലുമിനി).

Google Form Link : https://forms.gle/bJrU6sn9de7N6ZzBA

Ramachandran M
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Ramachandran M
Date: 20-03-2024 04:14:01